# മരിയൻ ദൂത്

St. Mary's Knanaya Catholic Parish of Chicago

**Vol XV - Issue 036** October 5, 2025 www.smkcparish.us | (847) 583 2910 | skmudakodi@gmail.com | 7800 Lyons st, Morton Grove, IL-60053


## ഏലിയ സ്ലീവ മൂശാക്കാലം അഞ്ചാം ഞായർ (മൂശെ മൂന്നാം ഞായർ)

# സ്നേഹത്തിൽ ഒന്നാകാം



ഇന്ന് തിരുസഭാമാതാവ് നമുക്കു നൽകിയിരിക്കുന്ന വചനഭാഗം വി. മത്തായിയുടെ സുവിശേഷം 20-ാം അധ്യായം ഒന്നുമുതൽ 16 വരെയുള്ള തിരുവചനങ്ങളാണ്. നിയമങ്ങളിൽ മാത്രം അധിഷ്ഠിതമായി ജീവിച്ച യഹൂദസമൂഹത്തോട് സ്നേഹത്തിന്റെ വില ക്രിസ്തു പറയുന്നത് ആദ്യമണിക്കൂറിലും അവസാനമണിക്കൂറിലും തോട്ടത്തിൽ ജോലിക്കെത്തുന്ന കൂലിക്കാർക്ക് തുല്യവേതനം കൊടുത്തുകൊണ്ടാണ്. ഈശോ എല്ലാവരെയും തുല്യമായി സ്നേഹിച്ചതുപോലെ എല്ലാവരെയും ഒരുപോലെ സ്നേഹിക്കാൻ നമുക്കും പറ്റണം.

നിയമവ്യവസ്ഥയ്ക്കുപോലും മുകളിലാണ് സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും സ്ഥാനമെന്നാണ് ഈ വചനഭാഗത്ത് ഈശോ പറയുന്നത്. ഈ സ്നേഹത്തിന്റെ നിയമത്തെപ്പറ്റി യോഹന്നാന്റെ സുവിശേഷം 14-ാം അധ്യായത്തിന്റെ 23 മുതൽ 27 വരെയുള്ള തിരുവചനങ്ങളിൽ യേശു നമുക്ക് വ്യക്തമായി പറഞ്ഞുതരുന്നുണ്ട് - "ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ ദ്വേഷിക്കുന്നവർക്കു നന്മ ചെയ്യുവിൻ" എന്നുതുടങ്ങി, "നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" എന്നുവരെയുള്ള ഭാഗത്ത്, ക്രിസ്തുവിനെ അനുഗമിക്കുന്നവർ, ലോകത്തിന്റേതായ ന്യായവും നിയമവും മാത്രം അനുസരിച്ച് മുന്നോട്ടുപോകുന്നതിൽനിന്ന് ഉയർന്ന്, ദൈവമക്കൾക്കടുത്ത സ്നേഹവും കാരുണ്യവും പരിശീലിക്കാൻ യേശു ആഹ്വാനം ചെയ്യുന്നുണ്ട്.

ഇന്നത്തെ സുവിശേഷത്തിലൂടെ കടന്നുപോകുമ്പോൾ, നിത്യജീവൻ അവകാശമാക്കാൻതക്ക ജീവിതമാണോ നമ്മുടേതെന്ന ഒരു ചോദ്യമാണ് സുവിശേഷം നമ്മോടു ചോദിക്കുന്നത്. ദൈവത്തിന്റെ നിയമം അനുസരിച്ചാണോ നമ്മൾ ജീവിക്കുന്നത് എന്ന ഒരു ചോദ്യത്തിനുള്ള നമ്മുടെ ഉത്തരത്തിൽ സുവിശേഷത്തിലെ ചോദ്യത്തിനുള്ള ഉത്തരമുണ്ട്. സ്നേഹമായി കടന്നുവന്ന യേശുവിന്റെ സ്നേഹത്തിന്റെ നിയമമനുസരിച്ച് ജീവിക്കാൻ ഓരോ ക്രൈസ്തവനും കടമയുണ്ട്. നന്മയും സ്നേഹവുമാണ് ദൈവം. പാപികളും ബലഹീനരുമായ നമുക്കുവേണ്ടി തന്റെ ജീവൻ കുരിശിൽ ബലിയായി അർപ്പിച്ച സ്നേഹമാണ് ക്രിസ്തു. അവൻ നമുക്കു നൽകിയ നിയമം സ്നേഹത്തിന്റെ നിയമമാണ്. ക്രിസ്ത്യാനി ക്രിസ്തുവിനെ അനുഗമിക്കുന്നവനാണെങ്കിൽ, ഓരോ ക്രിസ്ത്യാനിയും ക്രിസ്തുവിനെ അനുകരിക്കുന്നവനാകണം. ഇടതുകവിളിൽ അടിക്കുന്നവന്, വലതുകവിൾ കൂടി കാണിച്ചുകൊടുക്കുന്ന, കുരിശിൽ തറയ്ക്കുന്നവരോടുപോലും ക്ഷമിക്കുന്ന, അതിരുകളില്ലാതെ സ്നേഹിക്കുന്ന ദൈവമാണ്, സ്നേഹമാണ് യേശു.

നല്ല സമരിയക്കാരനെപ്പോലെ, മറ്റുള്ളവർക്ക് നല്ല അയൽക്കാരാകാൻ നമുക്കും പരിശ്രമിക്കാം. നമ്മുടെ ആവശ്യങ്ങൾക്കുവേണ്ടി മാത്രം മറ്റുള്ളവരെ സ്നേഹിക്കാതിരിക്കാം. പ്രതിഫലം പ്രതീക്ഷിച്ചും മറ്റുള്ളവരുടെ മുന്നിൽ നല്ലപേരിനു വേണ്ടിയും നന്മ ചെയ്യുന്നതിൽനിന്ന് മാറി ദൈവസന്നിധിയിൽ വിലയുള്ളവരായി മാറുക എന്ന ഒരേയൊരു ഉദ്ദേശ്യം മാത്രം മുന്നിൽക്കണ്ട്, വേർതിരിവുകളില്ലാതെ മറ്റുള്ളവരെ സ്നേഹിക്കാനും നമ്മുടെ കാരുണ്യമർഹിക്കുന്ന ദൈവമക്കൾക്ക് നല്ല അയൽക്കാരാകാനും നമുക്കു പരിശ്രമിക്കാം. അങ്ങനെ ദൈവികമായ സ്നേഹം, മുറിപ്പെട്ട മനുഷ്യരിലേക്കൊഴുക്കുന്ന, നിത്യജീവൻ അവകാശമാക്കിയ യഥാർഥ ക്രിസ്തുശിഷ്യരാകാൻ ദൈവം നമ്മെയെല്ലാവരെയും അനുഗ്രഹിക്കട്ടെ.

# Church Schedule

### HOLY Qurbana in MALAYALAM
Sunday 8.:00 AM, 10: 00 AM & 5.30 PM
Monday - Friday 8:15 AM
Monday-Thursday 7:00PM
Saturday - 10:00AM

### HOLY QURBANA IN ENGLISH
Sunday - 11:40 AM
Friday - 6:00 PM

### NOVENA (AFTER HOLY QURBANA)
Tuesday: St. Anthony
Thursday: St.Jude
Saturday: Our Lady of Perpectual Help
1st Wednesday: St. Michael

### CONFESSION
Everyday before Holy Qurbana

### RELIGIOUS EDUCATION
Sunday: 10:00AM

### ADORATION CHAPEL
9:00AM - 9:00 PM




**ഏലിയാ-സ്ലീവ-മൂശെ അഞ്ചാം ഞായർ**
**മൂശെ ഒന്നാം ഞായർ**

## Scripture Reading:
## St. Jude Koodarayogam

നിയ 11:1-9
വാഗ്ദത്തഭൂമി ദൈവത്തിൻറെ ദാനം.

ഏശ 40:12-17
അതുല്യനായ ദൈവം.

2 കോറി 2:12-17
നിങ്ങൾ ദൈവത്തിന് മിശിഹായുടെ പരിമളം.

മത്താ 20:1-16
മാനുഷികനീതിയെ അതിലംഘിക്കുന്ന ദൈവനീതി.

## CONTACT INFORMATION
Fr. Siju Mudakodil (Vicar): (210)630 2295
Fr. Anish Maveliputhenpura (Asst. Vicar): 773 423 7292
Sr. Shalom S.V.M (Parish Secratry): (626)247-0340
Sabu Kattapuram(Trustee Cordinator): (847) 791 1452
Lukose Poozhikunnel (Trustee) : (708)917 9989
George Mattathilparambil (Trustee): (847)606 1642
Binu Poothurayil (Trustee): (847)644 9869
Nibin Vettikkattil (Youth Trustee): (773)934 3535
James Mannakulathil (Accountant): (312)622 3326
Sunny Meledam (Secratary): (773)550 1995
Anil Mattathikunnel (P.R.O): (773)280 3632
Saji Poothrukayil (DRE): (847) 293 9409
Maneesh Kaimoolayil (Asst. DRE): (773)550 6328
Peter Kulangara(Funeral Cordinator): (847)951 4476
Visitation Convent: (847) 603 8881

## MARK YOUR CALENDER
10/9: Night Vigil
10/11: Ten days of Rosary begins (Morning)
10/18: Feast of St. Luke
10/22: St. Jude Novena Begins
10/30: Celebration of the Feast of St.Jude
10/31: Conclusion of Rosary Month
11/1: Feast of All Saints
11/2: Celebration of All Saints Day
11/21: Presentation of Bl. Virgin Mary
11/23: Feast of Christ the King
11/27: Thanksgiving Day
11/30: Feast of St. Andrew the Apostle
12/1: 25 Days of Fast Begins

# The Law of Love: Living Beyond Rules with Christ's Mercy




Today, the Holy Mother Church gives us the Gospel passage from Matthew 20:1–16. Christ reveals the value of love to the Jewish community, who lived only according to laws, by showing how workers who came to the vineyard in the first hour and in the last hour were paid equally. Just as Jesus loved everyone equally, we too must love all people without distinction.

Beloved, let us also be able to share Christ's love with others. We live in a new society where love is drying up or even disappearing. As we read the newspapers, we come across shocking reports—people who can no longer even recognize their own loved ones, enslaved by drugs and addiction, destroying even the lives of those dearest to them. In this time, where love is being lost, the words of Jesus inspire us. As Christians, we are indebted to share the love of Christ with the world. Wherever we are, let us spread the love of Jesus.

Jesus teaches in this passage that love and mercy stand above even law and order. Regarding this law of love, Jesus clearly tells us in John 14:23–27—"Love your enemies; do good to those who hate you ... Be merciful, just as your Father is merciful." Following Christ means rising above worldly laws and justice and practicing divine love and mercy toward God's children.

The Gospel today is a message to each one of us who pass by our fellow human beings without drawing near to them. When you turn away from people whom God loves, you distance yourself from eternal life itself. Reading this in the light of Matthew 25:31 onwards, where Jesus speaks about the Last Judgment, the meaning of today's parable becomes clearer. In verse 40 Jesus says: "Truly I tell you, whatever you did for one of the least of these brothers and sisters of mine, you did for me" (Mt. 25:40).

As we reflect on today's Gospel, the question we face is: Are we living a life worthy of inheriting eternal life? Our answer lies in whether we live according to God's law. Jesus, who came as love itself, has given us the Law of Love. God is love, and Christ is that love offered on the cross for sinners and the weak. If a Christian is a follower of Christ, every Christian must imitate Christ—turning the other cheek, forgiving even those who crucify us, and loving without limits. That is the love of Jesus, the love of God.

A little parable illustrates this: Once, the number 9 began to oppress the number 8. When asked why, 9 said, "Because you are weaker than me." Then 8 treated 7 the same way, and so on until 2 did the same to 1. Finally, when it was 1's turn, it looked down and saw 0. Instead of oppressing 0, it embraced it—and together they became 10, the greatest of all. Today's Gospel gives us the same message: to love others and to stand together in unity.

Like the Good Samaritan, let us strive to be good neighbors to others. Let us not love only for our own benefit. Let us not do good for the sake of reputation or recognition, but only to be valuable before God. With no divisions, let us love one another and be good neighbors to God's children, who are worthy of mercy. In this way, divine love flows into broken humanity, and we become true disciples of Christ who inherit eternal life.

St. Mary's Knanaya Catholic Parish of Chicago





# വി. കൊച്ചുത്രേസ്യായുടെയും
# വി. ഫ്രാൻസിസ് അസീസ്സിയുടെയും
# തിരുനാൾ

**Sunday October 5th:**
**10.00 am**

# വി. ഫ്രാൻസിസ് അസ്സീസി (1181-1226)




1181 ൽ ഇറ്റലിയിലെ അസ്സീസി യിലാണ് ഫ്രാൻസിസ് ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് ധനികനും പട്ടുവസ്ത്ര വ്യാപാരിയുമായ പീറ്റർ ബർണാദോനും മാതാവ് പീക്കായുമായിരുന്നു. അമ്മ മകനെ ദൈവഭക്തിയിലും സുകൃതങ്ങളിലും വളർത്തി. ലൗകികമായി, പ്രശസ്തനായ ഒരു പുത്രനെയാണ് പീറ്റർ സ്വപ്നം കണ്ടത്. അതിനാൽ കച്ചവടകാര്യങ്ങളിൽ മകനെ നിയോഗിച്ചു. ധനവും സ്വാതന്ത്ര്യവും കിട്ടിയപ്പോൾ ഫ്രാൻസിസ് ലോകാഡംബരങ്ങളിലും ആർഭാടങ്ങളിലും മുഴുകി യുവരാജാവിനെപ്പോലെ ജീവിച്ചു. 1202 ൽ സൈനികസേവനത്തിനു പുറപ്പെട്ട ഫ്രാൻസിസ് പരാജിതനും രോഗിയുമായാണ് തിരിച്ചെത്തിയത്.

ലൗകായതികത്വവും ദൈവസ്നേഹവും കലർന്ന ഫ്രാൻസിസിന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവുണ്ടായി. കൂട്ടുകാരുമൊത്ത് ഉല്ലസിച്ചിരുന്ന ഒരു രാത്രി ഫ്രാൻസിസ് ദൈവസ്വരം ശ്രവിച്ചു: "ആരെ സേവിക്കയാണ് ഉത്തമം? യജമാനനെയോ, ദാസനെയോ?" "യജമാനനെ" എന്ന് അവൻ ഉറച്ചു പറഞ്ഞു. "എന്നാൽ വീട്ടിലേക്കു മടങ്ങു; എന്താണ് കരണീയമെന്ന് വീട്ടിൽ ചെല്ലുമ്പോൾ അറിയിക്കാം."

ദൈവസ്വരം ശ്രവിച്ച ഫ്രാൻസിസ് വളരെയധികം പ്രാർഥിച്ചു. ഭിക്ഷുക്കളെ സഹായിക്കാൻ തല്പരനായി. എന്നാൽ പിതാവ് ദാനധർമ്മം നിരുത്സാഹപ്പെടുത്തി. പക്ഷേ, ദരിദ്രരോടുള്ള അനുകമ്പ അദ്ദേഹത്തിന്റെ ഹൃദയത്തിൽ അന്തർലീനമായിക്കിടന്നിരുന്നു. തന്നിമിത്തം പിതാവിന്റെ കടയിൽനിന്ന് പണവും വസ്ത്രവുമൊക്കെ ദരിദ്രർക്കു നൽകി. ദരിദ്രരെ ശുശ്രൂഷിക്കുകയും കുഷ്ഠരോഗികളെ ആശ്ലേഷിക്കുകയും ചെയ്യുമ്പോൾ അത് ഈശോയ്ക്കു ചെയ്യുന്നതുപോലെയാണ് ഫ്രാൻസിസിന് അനുഭവപ്പെട്ടത്.

ഇപ്രകാരം നവജീവിതമാരംഭിച്ച ഫ്രാൻസിസ്, ദീർഘനേരം ദൈവാലയത്തിൽ പ്രാർഥനാനിരതനായി കഴിഞ്ഞുകൂടി. ഒരു ദിവസം പ്രാർഥനയ്ക്കിടയിൽ ഈശോയുടെ സ്വരം ഫ്രാൻസിസ് ശ്രവിച്ചു: "എന്റെ ദൈവാലയം പുതുക്കിപ്പണിയുക." വി. ഡാമിയന്റെ, കേട്ടുവന്ന ദൈവാലയം പുതുക്കിപ്പണിയാൻ വീട്ടിൽനിന്ന് പണമെടുത്തതിന് പിതാവിന്റെ ശകാരമേൽക്കേണ്ടിവന്നു. മെത്രാന്റെ പക്കൽ പിതാവ് പരാതിനൽകി. ഫ്രാൻസിസ് അരമനയിൽചെന്ന് വിലപിടിച്ച തന്റെ വസ്ത്രങ്ങളെല്ലാം അഴിച്ചുവച്ചു. അവയും കുടുംബസ്വത്തിലുള്ള തന്റെ ഓഹരിയും പിതാവ് യഥേഷ്ടം ഉപയോഗിച്ചുകൊള്ളട്ടെ എന്ന് രേഖപ്പെടുത്തി, ഒരു യാചകനെപ്പോലെ തെരുവിലേക്കിറങ്ങി. ഇനിമേൽ ദൈവം മാത്രമേ എനിക്ക് പിതാവായിട്ടുള്ളൂ എന്ന് ഫ്രാൻസിസ് പ്രഖ്യാപിച്ചു. തെരുവിലേക്കിറങ്ങിയ ഫ്രാൻസിസിന്റെ ജീവിതരീതിയിൽ ആകൃഷ്ടരായി ചിലർ അദ്ദേഹത്തോടു ചേർന്നു. എല്ലാവരെയും കൂട്ടിച്ചേർത്ത് ഫ്രാൻസിസ് വളരെ സമയം പ്രാർഥനയിൽ ചെലവഴിച്ചിരുന്നു. ക്രൂശിൽനിന്ന് തന്നോടു സംസാരിച്ച ഈശോയുടെ സഹനത്തിൽ പങ്കുചേരാൻ തീവ്രമായി ആഗ്രഹിച്ച ഫ്രാൻസിസിന് 1224 ൽ പഞ്ചക്ഷതങ്ങൾ ലഭിച്ചു.

ദിവ്യകാരുണ്യനാഥന് സ്വയം സമർപ്പിച്ച ഫ്രാൻസിസ്, ആറാംപട്ടം വരെ സ്വീകരിച്ചു. വിനയം നിമിത്തം പൗരോഹിത്യം സ്വീകരിക്കാൻ അദ്ദേഹം തയ്യാറായില്ല. തന്നോടൊപ്പമുണ്ടായിരുന്നവരെ കൂട്ടി സുവിശേഷദാരിദ്ര്യം അനുഷ്ഠിച്ചു ജീവിക്കാൻ ഫ്രാൻസിസ് മാർപാപ്പായുടെ അംഗീകാരം തേടി. ബനഡിക്ടൈൻ സന്യാസിനികളിൽ നിന്നു ലഭിച്ച പോർസ്യുങ്കല ദൈവാലയം കേന്ദ്രമാക്കി ഫ്രാൻസിസ്ക്കൻ സഭയ്ക്കു രൂപംകൊടുത്തു.

പ്രഭുകുമാരി ക്ലാര, ഫ്രാൻസിസിനെ അനുഗമിച്ചതോടു കൂടി ഫ്രാൻസിസ്കൻ വനിതാവിഭാഗത്തിനു തുടക്കം കുറിച്ചു. നാലാം ലാറ്ററൻ കൗൺസിലിൽ വച്ച് വി. ഡൊമിനിക്കുമായി സൗഹൃദം സ്ഥാപിച്ചു. പെറുജിയായിൽ വച്ചു പരിചയപ്പെട്ട കർദിനാൾ ഹ്യൂഗോലിനെ സഭയുടെ സംരക്ഷകനാക്കി. 'സ്നേഹിക്കപ്പെടാത്ത സ്നേഹമായ ഈശോയെ സ്നേഹിക്കാനും മറ്റുള്ളവരെക്കൊണ്ട് സ്നേഹിപ്പിക്കാനും' ആഗ്രഹിച്ച ഫ്രാൻസിസ്, സഹോദരന്മാരെ വിശാലലോകത്തിലേക്ക്  വചനപ്രഘോഷണത്തിനായി അയച്ചുതുടങ്ങി. ആറു സഭാംഗങ്ങൾ മൊറോക്കോയിൽ വച്ച് രക്തസാക്ഷികളായി. താമസിയാതെ സഭാനേതൃത്വം ഫ്രാൻസിസ് മറ്റുള്ളവരിലേക്കു കൈമാറി. 1221 ൽ അത്മായഗണത്തിന് തിരുസഭ ഔദ്യോഗിക അംഗീകാരം നൽകി.

ഈശോയുടെ ജനനം ചിത്രീകരിച്ച് പുൽക്കൂട് നിർമ്മാണം ആരംഭിച്ചത് ഫ്രാൻസിസാണ്. 1226 ഒക്ടോബർ മൂന്നാം തീയതി സായാഹ്നത്തിൽ 142-ാം സങ്കീർത്തനം ആലപിച്ചുകൊണ്ട് തറയിൽക്കിടന്നാണ് ഫ്രാൻസിസ് ലോകത്തോട് വിടപറഞ്ഞത്. 1228 ൽ വിശുദ്ധനായി അംഗീകരിക്കപ്പെട്ടു.

# വി. കൊച്ചുത്രേസ്യ (1873–1897)




1873 ജനുവരി രണ്ടാം തീയതി അലെൻസോണിലാണ് ത്രേസ്യ ജനിച്ചത്. പിതാവ് ലൂയീ മാർട്ടിൻ, സമ്പന്നനായ ഒരു പട്ടുവ്യാപാരിയായിരുന്നു. അമ്മ സെലിഗ്വരിൻ, ത്രേസ്യായ്ക്ക് നാലുവയസ്സുള്ളപ്പോൾ മരിച്ചു. താമസിയാതെ, ലൂയി മാർട്ടിൻ മക്കളോടൊപ്പം ലിസ്യുവിലേക്കു താമസം മാറ്റി. കൊച്ചുത്രേസ്യായുടെ ആത്മകഥയിലെ ബാല്യകാലസ്മരണകളിലധികവും ലിസ്യുപട്ടണത്തെ ചുറ്റിപ്പറ്റിയുള്ളതാണ്.

പത്തുവയസ്സുള്ളപ്പോൾ ത്രേസ്യായ്ക്ക് ഗുരുതരമായ ഒരു രോഗം പിടിപെട്ടു. ഒരുമാസത്തോളം ആ അവസ്ഥയിൽ തുടർന്നു. 1883 മെയ് 13–ാം തീയതി പരിശുദ്ധ മാതാവ് അവൾക്ക് അദ്ഭുതകരമായ രോഗസൗഖ്യം നൽകി. ത്രേസ്യയുടെ ജീവിതകാലം മുഴുവൻ ഈ സംഭവം സ്വാധീനം ചെലുത്തി.

ത്രേസ്യയുടെ സാധാരണവും ആധ്യാത്മികവുമായ ജീവിതങ്ങളിൽ ഈശോയ്ക്ക് വളരെ സമുന്നതമായ സ്ഥാനമുണ്ടായിരുന്നു. അവളുടെ എഴുത്തുകളിലെ ഓരോ പേജിലും ഈശോ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രഥമ ദിവ്യകാരുണ്യത്തെപ്പറ്റി അവൾ പ്രസ്താവിക്കുന്നത് ശ്രദ്ധേയമാണ്: "വളരെ നീണ്ടകാലത്തേക്ക് ഞാനും ഈശോയും പരസ്പരം അറിയുമായിരുന്നു. പക്ഷേ, എന്റെ ദിവ്യകാരുണ്യ സ്വീകരണദിനം ഞങ്ങൾ തമ്മിലുള്ള ഒരു ഉരുകിച്ചേരൽ നടന്നു. പിന്നീട് ഞങ്ങൾ രണ്ടായിരുന്നില്ല. ത്രേസ്യ അപ്രത്യക്ഷയായി; ഈശോമാത്രം നിലനിന്നു."

വീണ്ടും അവൾ പറയുന്നു: "എന്റെ യുവത്വത്തിന്റെ ഹൃദയം പ്രഭാപൂരിതമായപ്പോൾ ആ ജ്വാലയെ സ്നേഹമെന്നു വിളിച്ചപ്പോൾ ഓ! ഈശോ നീ വന്നു, അതിനെ സ്വന്തമാക്കാൻ. ഓ! നാഥാ നിനക്കു മാത്രമേ എന്റെ ഹൃദയത്തെ നിറയ്ക്കാൻ സാധിക്കൂ. കാരണം, നിന്നെ സീമകളില്ലാതെ സ്നേഹിക്കുക എന്ന ആവശ്യം എനിക്ക് അനുഭവപ്പെട്ടു." 'ദിവ്യകാരുണ്യമാകുന്ന ദേവദാരുവിൽ ചുറ്റിപ്പടരേണ്ട ഒരു ലതയാണു ഞാൻ' എന്ന് ഒരിക്കൽ ത്രേസ്യ പറയുകയുണ്ടായി. ഈശോയോട് അനുരൂപരാകാൻ ഈശോയുടെ പരിശുദ്ധ ശരീരത്തെ യോഗ്യതയോടു കൂടി സ്വീകരിക്കുന്നതിനേക്കാൾ മേന്മയേറിയ മാർഗമില്ലെന്ന് കൊച്ചുത്രേസ്യ നന്നായി അറിഞ്ഞിരുന്നു.

1889 ൽ കൊച്ചുത്രേസ്യാ കർമ്മലമഠത്തിൽ പ്രവേശിച്ച് സഭാവസ്ത്രം സ്വീകരിച്ചു. 1890 സെപ്റ്റംബർ എട്ടാം തീയതി പ്രഥമ വ്രതവാഗ്ദാനം നടത്തി. 1893 ൽ നവസന്യാസിനികളുടെ പരിശീലനത്തിൽ നിയുക്തയായി. കുറേനാൾ ആ ജോലി ഭംഗിയായി നിർവഹിച്ചു. ദിവ്യകാരുണ്യനാഥനോട് ആലോചന ചോദിച്ചാണ് അവൾ നവസന്യാസിനികൾക്ക് ഉപദേശം നൽകിയിരുന്നത്. എല്ലാ വിജ്ഞാനവും ഈശോയിൽ നിന്നാണ് സ്വീകരിച്ചിരുന്നതെന്ന് നവസന്യാസിനികളോട് ത്രേസ്യ പറഞ്ഞിരുന്നു.

അവസാനകാലത്ത് ക്ഷയരോഗം പിടിപെട്ട ത്രേസ്യ, സ്നേഹത്തിന്റെ രക്തസാക്ഷിണിയായിരുന്നു. ദിവ്യമണവാളനായ ഈശോയെപ്പോലെ ക്രൂശിക്കപ്പെടാൻ അവൾ ആശിച്ചു. 24 വർഷം മാത്രം നീണ്ടുനിന്ന ജീവിതത്തിന്റെ അന്ത്യഘട്ടം സഹനപൂർണ്ണമായിരുന്നു. സ്നേഹിച്ചുമരിച്ച ഈശോയെ സ്നേഹിക്കുകയെന്ന ലക്ഷ്യമായിരുന്നു വിശുദ്ധയുടെ ജീവിതം. 1897 സെപ്റ്റംബർ 30–ാം തീയതി 'ദൈവമേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു' എന്നു പറഞ്ഞുകൊണ്ട് കൊച്ചുത്രേസ്യ സ്നേഹനാഥനോട് നിത്യമായി ഒന്നുചേരാൻ സ്വർഗത്തിലേക്കു യാത്രയായി.

ഒരു ആഗോള മിഷനറിയാകാൻ ആഗ്രഹിച്ച ത്രേസ്യായെ 1928 ൽ 11–ാം പീയൂസ് പാപ്പ മിഷൻ മധ്യസ്ഥയായി അംഗീകരിച്ചു. 1997 ൽ 'സഭാപ്രബോധക' എന്ന സ്ഥാനം ജോൺ പോൾ രണ്ടാമൻ പാപ്പ, വി. കൊച്ചുത്രേസ്യായ്ക്കു നൽകി.

## സീറോ മലബാർ രൂപതയുടെ ആഭിമുഖ്യത്തിൽ ദേശീയ തലത്തിൽ നടത്തപ്പെട്ട ബൈബിൾ ക്വിസ് മത്സരത്തിൽ സെന്റ് മേരീസ് ഇടവകയിൽ നിന്നും വിജയികളായവർ



## മെഡിക്കെയർ ബെനെഫിറ്റ്സ് എന്ന വിഷയത്തെ സംബന്ധിച്ച് മെൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട സെമിനാറിൽ നിന്നും











**INAI Mental Health Initiative for Youth**

The Indian Nurses Association of Illinois (INAI) is partnering with Kenneth Young Center to provide a FREE one-day Youth Mental Health First Aider Training for students in 12th grade and above.

**Date: Saturday, October 11, 9:00 AM – 3:00 PM**
**Location: St. Thomas Syro Malabar Church, Bellwood, IL**

This training will equip youth with the courage, resilience, and skills to face challenges as they prepare for higher studies and independent living. It will also empower them to support their peers.

Register today—
https://inaiusa.org/mental-health-first-aider-training/

INDIAN NURSES ASSOCIATION OF ILLINOIS
INAI

Mental Health
First Aid Training

# St. Mary's Religious Education School Calendar 2025-2026

**5-Oct Regular Class**
**12-Oct Regular Class**
**19-Oct Regular Class (Mission Sunday)**
**26-Oct Regular Class**
**November 2025**
**2-Nov Regular Class (All Saint's Day Celebration)**
**9-Nov Regular Class**
**16-Nov Regular Class**
**23-Nov Regular Class**
**30-Nov No Class (Thanksgiving)**
**7-Dec Regular Class**
**14-Dec Regular Class (Christmas Celebration)**
**21-Dec No Class (Christmas)**
**28-Dec No Class (New Years)January 2026**
**4-Jan Regular Class**
**11-Jan Regular Class**
**18-Jan Semi-Annual Exam**
**25-Jan Regular Class**
**1-Feb Regular Class**
**8-Feb Regular Class**
**15-Feb Regular Class**
**22-Feb Regular Class**
**1-Mar Regular Class**
**8-Mar Regular Class**
**16-Mar Regular Class**
**22-Mar Regular Class**
**29-Mar No Class (Palm Sunday)**
**5-Apr No Class (Easter)**
**12-Apr Regular Class**
**19-Apr Regular Class**
**26-Apr Regular Class**
**3-May Regular Class**
**10-May Final Exam**
**17-May Last Day of School**
**24-May No Class (Holy Communion**

# CCD Announcements

1. Those who did not finish their CCD Registration, please finish it as early as possible. **Application with a parent signature is a must for school record. If students do not complete registration, the student's name will not be on the attendance register.

2. Please try to bring students by 10am every Sunday. 9:50-10:00am is a great time for socialization amongst the students, it is an important time for students not to miss.

3. Holy mass is a part of the CCD program, please don't take students home early without attending the holy mass, unless it as an emergency. If any parent is taking their student before the holy mass, please let the teacher(s) know.

4. All the CCD communications will go through the Church Whatsapp group. If any of your friends or family are still not in the group, please give their name to the office.

5. All of the student volunteers will get the service credit for the days they volunteered for college/job purposes, so if anyone is still interested in volunteering, please contact the DREs.

6. Pick-up for the junior grade students will be in between 12.20 and 12.30.

1. വേദപാഠ Registration പൂർത്തിയാക്കാത്തവർ എത്രയും നേരത്തെ Registration പൂർത്തിയാക്കുക.

2. കുട്ടികളെ പത്ത് മണിക്ക് മുമ്പായി വേദപാഠ ക്ലാസ്സുകളിൽ കൊണ്ടുവരുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കുക.

3. എല്ലാ കുട്ടികളെയും വിശുദ്ധ കുർബാനയിൽ പങ്കെടുപ്പിക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കുക .

4. CCD വാർത്തകൾ എല്ലാം പള്ളിയുടെ whatsaap ഗ്രൂപ്പിലൂടെ ആണ് അറിയിക്കുന്നത്. ഇനിയും ആരെങ്കിലും whatsaap ഗ്രൂപ്പിൽ ചേരുവാൻ ഉണ്ടെങ്കിൽ അറിയിക്കുക .

5. Student Teachers ന് സേവനം ചെയ്യുന്നതിന് പള്ളിയിൽ നിന്നും service credit hours ലഭിക്കുന്നതായിരിക്കും.

6. Junior ക്ലാസ്സുകളിലെ കുട്ടികളുടെ pick up time 12.20 മുതൽ 12.30 വരെ ആയിരിക്കും .

## St. Mary's Knanaya Catholic Parish, Chicago

www.smkcparish.us



# കൊന്തപത്ത്

## October 1 -10
## After 7.00pm Mass
## October 11-21
## After 8.15 AM Mass

